2253
9/2/21

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്-കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ 9-ാം ശമ്പള പരിഷ്കരണം 01.09.2012 മുതൽ 31.08.2017 വരെ സാങ്കല്പികമായും, 10-ാം ശമ്പള പരിഷ്കരണം 01.09.2017 പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

**സ.ഉ.(കൈ) നം.22/2021/കൃഷി** തീയതി,തിരുവനന്തപുരം, 08/02/2021

---

പരാമർശം:- 1) സ.ഉ.(കൈ) നമ്പർ.29/09/AD തീയതി 05.02.2009
2) സ.ഉ.(പി) നം.85/2011/ധന തീയതി 26.02.2011
3) സ.ഉ.(പി) നം.07/2016/ധന തീയതി 20.01.2016
4) കേരള സംസ്ഥാന വെയർഹൌസിങ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടറുടെ 17.09.2019-ലെ കെ.എസ്.ഡബ്ല്യൂസി/ഇ.എസ്.ടി/പേ റിവിഷൻ/2019-20 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് എട്ടാം ശമ്പളപരിഷ്കരണം പരാമർ ശം 1 പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. 16.02.2019-ൽ ചേർന്ന കേരള സംസ്ഥാന വെയർഹൌസിങ് കോർപ്പറേഷന്റെ 295-മാതു ഡയറക്ടർ ബോർഡ് യോഗം 3448-ാമത് തീരുമാനപ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് നിലവിൽ ലഭ്യമാകുന്ന വേതനം പരിഷ്കരിച്ച്, 9-ാം ശമ്പള പരിഷ്കരണം 1.9.2012 മുതൽ 31.8.2017 വരെ സാങ്കല്പികമായും 10-ാം ശമ്പള പരിഷ്കരണം 1.9.2017 മുതൽ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളോടെയും അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന വെയർഹൌസിങ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിൽ സമർപ്പിച്ചു. കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിൽ ഒമ്പതാം ശമ്പളപരിഷ്കരണം സാങ്കൽപ്പികമാക്കി 10-ാം ശമ്പള പരിഷ്കരണം നടപ്പാക്കാനായി പ്രതിമാസം 14.62 ലക്ഷം രൂപയും പ്രതിവർഷം 175.44 ലക്ഷം രൂപയും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണെന്നും, ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷന്റെ തനതു വരുമാനത്തിൽ നിന്നു തന്നെ വഹിക്കുന്നതിനാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തിലെ കോർപ്പറേഷന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 8-ാം ശമ്പള പരിഷ്കരണപ്രകാരമുള്ള, ശമ്പള സ്കെയിലിനും ക്ഷാമബത്തയ്ക്കും ആനുപാതികമായ നിരക്കാണ് വെയർഹൌസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് നിലവിൽ ലഭിച്ചുവരുന്നത്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 9-ാം ശമ്പളപരിഷ്കരണം 01.07.2009 മുതലും 10-ാം ശമ്പള പരിഷ്കരണം 01.07.2014 മുതലും പ്രാബല്യത്തിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പരിഷ്കരണങ്ങൾക്കു അനുസരിച്ചുള്ള ശമ്പള പരിഷ്കരണം വെയർഹൌസിങ് കോർപ്പറേഷനിൽ നടപ്പിൽ വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ **കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകൾ പരാമർശം 2 -ലെ മാനദണ്ഡങ്ങൾ പ്രകാരം 01.09.2012 മുതൽ 31.08.2017 വരെ സാങ്കല്പികമായും, പരാമർശം 3-ലെ നിബന്ധനകൾ അനുസരിച്ച് 01.09.2017 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും ചുവടെ ചേർക്കുന്ന പട്ടികപ്രകാരവും ഖണ്ഡിക 3-ലെ (i) മുതൽ (xvii) വരെയുള്ള നിബന്ധനകൾക്ക് വിധേയമായും പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം(01.09.2017 പ്രാബല്യത്തിൽ) | നിലവിലുള്ള ശമ്പള സ്കെയിൽ | ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പള സ്കെയിൽ (01.09.2012 മുതൽ 31.08.2017 വരെ സാങ്കൽപ്പികമായി) | പത്താം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളസ്കെയിൽ (01.09.2017 പ്രാബല്യത്തിൽ) |
|---|---|---|---|---|---|
| 1 | ജനറൽ മാനേജർ | - | 23200-31150 | 40640-57440 | 77400-115200 |
| 2 | മാനേജർ | 2 | 16650-23200 | 29180-43640 | 55350-101400 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 16650-23200 | 29180-43640 | 55350-101400 |
| 4 | ജോയിന്റ് മാനേജർ/ റീജിണൽ മാനേജർ | - | 13610- 20700 | 24040-38840 | 45800- 89000 |
| 5 | ഡെപ്യൂട്ടി മാനേജർ/ ഡെപ്യൂട്ടി മാനേജർ (അക്കൗണ്ട്സ്) | 7 | 12250- 19800 | 21240-37040 | 40500-85000 |
| 6 | സീനിയർ അസ്സിസ്റ്റന്റ് മാനേജർ | 33 | 10790- 18000 | 18740-33680 | 35700-75600 |
| 7 | അസിസ്റ്റന്റ് മാനേജർ/ അസിസ്റ്റന്റ് മാനേജർ (ടെക്) | 57 | 8390-13270 | 14620-25280 | 27800-59400 |
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 12250- 19800 | 21240-37040 | 40500-85000 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 4 | 11070- 18450 | 19240-34500 | 36600-79200 |
| 10 | സീനിയർ അസിസ്റ്റന്റ്/സീനിയർ ടൈപ്പിസ്റ്റ് ക്ലർക്ക്/ സ്റ്റെനോഗ്രാഫർ(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്) / കമ്പ്യൂട്ടർ ഓപ്പറേറ്റർ | 22 | 7990- 12930 | 13900-24040 | 26500-56700 |
| 11 | അസിസ്റ്റന്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക്/ ടെലിഫോൺ ഓപ്പറേറ്റർ | 14 | 6080-9830 | 10480-18300 | 20000-45800 |
| 12 | ഗോഡൗൺ കീപ്പർ/ഫോർക്ക് ലിഫ്റ്റ് ഓപ്പറേറ്റർ/ഡ്രൈവർ | 35 | 5650- 8790 | 9940-16580 | 19000-43600 |
| 13 | ഓവർസീയർ ഗ്രേഡ്-I | 3 | 7990-12930 | 13900-24040 | 26500-56700 |
| 14 | ഓവർസീയർ ഗ്രേഡ്-II(സിവിൽ) /ഓവർസീയർ ഗ്രേഡ്-II(ഇലക്ട്രിക്കൽ) | 1 | 6080-9830 | 10480-18300 | 20000-45800 |
| 15 | ക്ലാസ്-4-ഗ്രേഡ്-I | 102 | 4630 -7000 | 8730-13540 | 17000-37500 |
| 16 | ക്ലാസ്-4-ഗ്രേഡ്-II | 15 | 4510-6230 | 8500-13210 | 16500-35700 |
| 17 | പാർട്ട്ടൈം സ്വീപ്പർ | 1 | 2700+DA | 4850-7500 | 9340-14800 |
| | ആകെ | 298 | | | |

3. (i) പരാമർശം 2-ലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിഷ്കരിച്ച ശമ്പള സ്കെയിലുകൾ 01.09.2012 പ്രാബല്യത്തിൽ അനുവദിക്കേണ്ടതും തുടർന്ന് ഇൻക്രിമെന്റുകൾ അനുവദിച്ചശേഷം 01.09.2017 പ്രാബല്യത്തിൽ പരാമർശം 3-ലെ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളസ്കെയിലുകൾ അനുവദിക്കേണ്ടതുമാണ്. 01.09.2012 മുതൽ 31.08.2017 വരെയുള്ള കാലയളവിലേക്ക് അനുവദിക്കുന്ന ഒൻപതാം ശമ്പള പരിഷ്കരണം നോഷണലായിരിക്കും.

(ii) ഒൻപതാം ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.09.2012 ൽ പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ 45% ക്ഷാമബത്തയും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ച ക്ഷാമബത്തയും അർഹത ഉണ്ടായിരിക്കുന്നതാണ്. പത്താം ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതിയായ 01.09.2017-ൽ പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ 15% ക്ഷാമബത്തയും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിലുള്ള ക്ഷാമബത്തയും അർഹത ഉണ്ടായിരിക്കുന്നതാണ്.

(iii) ശമ്പള നിർണ്ണയം സംബന്ധിച്ച് പരാമർശം 2, 3 ഉത്തരവുകളുടെ അനക്സർ-II ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

(iv) പരാമർശം 3 ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി വീട്ടു വാടക ബത്തയും ടി ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾക്കനുസൃതമായി സിറ്റി കോമ്പൻസേറ്ററി അലവൻസും പരിഷ്കരിക്കാവുന്നതാണ്.

(v) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം 2 ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 18 ഒഴികെയുള്ള വ്യവസ്ഥകളും, പരാമർശം 3 ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്. 01.09.2012 മുതൽ 31.08.2017വരെയുള്ള സമയബന്ധിത ഹയർ ഗ്രേഡുകളുടെ ഫിക്സേഷനുകൾ നോഷണൽ ആയിരിക്കും.

(vi) മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്.സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(vii) റേഷ്യോ പ്രൊമോഷൻ/ അപ്ഗ്രഡേഷൻ /തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

(viii) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാട്ടുള്ളതല്ല.

(ix) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാട്ടുള്ളതല്ല.

(x) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(xi) കരാർ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ്.

(xii) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം , നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ്.

(xiii) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്റ്റിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

(xiv) യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

(xv) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

(xvi) 01.09.2017 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി അടിസ്ഥാനമാക്കി ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ്. കുടിശ്ശിക അനുവദിക്കുന്ന പക്ഷം ഇടക്കാലാശ്വാസമായി ജീവനക്കാർ കൈപ്പറ്റിയിട്ടുള്ള തുക ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നും തട്ടിക്കിഴിക്കേണ്ടതാണ്.

(xvii) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

4. 22.10.2001 ലെ സ.ഉ(അച്ചടി) നം.1208/2001/ധന പ്രകാരം ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ റദ്ദാക്കപ്പെടുന്നതിനാൽ കോർപ്പറേഷനിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പരിശോധിച്ച്

മേൽ ഉത്തരവ് പ്രകാരം ആവശ്യമായ തുടർ നടപടികൾ മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതും ആയത് സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്**
**സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർ ഹൌസിങ് കോർപ്പറേഷൻ,കൊച്ചി-16

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് ),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ& ഇ),കേരള,തിരുവനന്തപുരം

ധനകാര്യ വകുപ്പ്(നം.1428222/പിയു.എ1/8/2020/ധന തീയതി 28.10.2020, 7.02.2021 പ്രകാരം)

ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് (PLGEA- BPE2/43/2020-PLGEA തീയതി 13.01.2021 പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നം.4584 തിയതി 03.02.2021 )

വെബ് &ന്യൂ മീഡിയ,പൊതുജനസമ്പർക്ക വകുപ്പ്,തിരുവനന്തപുരം .

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BERKMENS [illegible]
Date: 2021.0[illegible] 13:50:19 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്

318

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-02-2021

ഫയൽ നം. കൃഷി-പി.യു.2/3/2020-കൃഷി. ഇനം നം: 4584

വിഷയം : കൃഷി വകുപ്പ് - കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ 9-ാം ശമ്പള പരിഷ്കരണം 01.09.2012 മുതൽ 31.08.2017 വരെ സാങ്കല്പികമായും, 10-ാം ശമ്പള പരിഷ്കരണം 01.09.2017 പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും പരിഷ്കരിക്കുന്നതിന് അനുമതി നൽകുന്നത്.

(87)

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

അനുവദിക്കുന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും ഉണ്ടാകുന്നില്ല.

85 (7) 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രവർത്തന ലാഭം കൈവരിക്കുകയും 2018-19-ലെ വാർഷിക സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ച് വാർഷിക കണക്കുകളും റിപ്പോർട്ടുകളും സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 9-ാം ശമ്പള പരിഷ്കരണം 01.09.2012 മുതൽ 31.8.2017 വരെ സാങ്കല്പികമായും 10-ാം ശമ്പള പരിഷ്കരണം 01.09.2017 പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യങ്ങളോടെ നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ, ആസൂത്രണ സാമ്പത്തികകാര്യ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

86. കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ 9-ാം ശമ്പള പരിഷ്കരണ പ്രകാരം, 01.09.2012 മുതൽ 31.08.2017 വരെ, 26.02.2011-ലെ സ.ഉ. (പി)നം.85/2011/ധന ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കല്പികമായും, 10-ാം ശമ്പള പരിഷ്കരണം 01.09.2017 പ്രാബല്യത്തിൽ, 20.01.2016-ലെ സ.ഉ(പി)നം.07/2016/ധന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക ആനുകൂല്യങ്ങളോടെയും പരിഷ്കരിക്കുന്നതിന് അനുമതി നൽകാമോ?

4584

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | കൃഷി-പി.യു2/ 3/ 2020-കൃഷി |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ 9-ാം ശമ്പള പരിഷ്കരണം 01.09.2012 മുതൽ 31.08.2017 വരെ സാങ്കല്പികമായും, 10-ാം ശമ്പള പരിഷ്കരണം 01.09.2017 പ്രാബല്യത്തിൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും പരിഷ്കരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.01.2021 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. (ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്)<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 30.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. വി. എസ്. സുനിൽ കുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

79. കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനിലെ അംഗീകൃത തസ്തികകളിലെ ശമ്പള സ്കെയിലുകൾ 26.02.2011-ലെ സ.ഉ. (പി)നം.85/2011/ധന ഉത്തരവ് പ്രകാരം 01.09.2012 മുതൽ 31.08.2017 വരെ സാങ്കല്പികമായും, 20.01.2016-ലെ സ.ഉ(പി)നം.07/2016/ധന ഉത്തരവ് പ്രകാരം 01.09.2017 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടെയും പരിഷ്കരിക്കുന്നതിനു അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

80 -(2) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 8-ാം ശമ്പള പരിഷ്കരണപ്രകാരമുള്ള, ശമ്പള സ്കെയിലിനും ഡി.എ-യ്ക്കും ആനുപാതികമായ നിരക്കാണ് വെയർഹൌസിംഗ് കോർപ്പറേഷനിലും നിലവിൽ നല്കിവരുന്നത്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 9-ാം ശമ്പളപരിഷ്കരണം 01.07.2009 മുതലും 10-ാം ശമ്പള പരിഷ്കരണം 01.07.2014 മുതലും പ്രാബല്യത്തിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പരിഷ്കരണങ്ങൾക്കു അനുസരിച്ചുള്ള ശമ്പള പരിഷ്കരണം വെയർഹൌസിങ് കോർപ്പറേഷനിൽ നടപ്പിൽ വരുത്തിയിട്ടില്ല. ആയതിലേക്കായി കോർപറേഷൻ 6.6.2012-ൽ സമർപ്പിച്ച പ്രൊപോസൽ പരിശോധിക്കുകയും എന്നാൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മുൻപുള്ള രണ്ടു സാമ്പത്തിക വർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനം അറ്റാദായത്തിലായിരിക്കണമെന്ന 24.10.94-ലെ G.O.(Ms)No.17/94/Plg.നമ്പർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതിരുന്നതിനാൽ നിരസിച്ചിരുന്നു. തുടർന്ന് 8.10.2015-ൽ സമർപ്പിച്ച പ്രൊപ്പോസൽ മുൻസാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നതിന് വിധേയമായിട്ടായിരിക്കും പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രൊപ്പോസൽ പരിഗണിക്കുകയുള്ളൂ എന്ന 31.12.2018-ലെ 124/18/Fin. നമ്പർ സർക്കുലറിലെ വ്യവസ്ഥ പാലിക്കാത്തതിനാൽ നിരസിച്ചിരുന്നു. 17.9.2019-ൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ, കോർപ്പറേഷൻ ജീവനക്കാർക്ക് നിലവിൽ ലഭ്യമാകുന്ന വേതനം പരിഷ്കരിച്ച്, 9-ാം ശമ്പള പരിഷ്കരണം 1.9.2012 മുതൽ 31.8.2017 വരെ സാങ്കല്പികമായും 10-ാം ശമ്പള പരിഷ്കരണം 1.9.2017 മുതൽ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളോടെയും അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.കേരള സ്റ്റേറ്റ് വെയർഹൌസിങ് കോർപ്പറേഷന്റെ 16.02.2019-ൽ ചേർന്ന 295-മാതു ഡയറക്ടർ ബോർഡ് യോഗത്തിലെ 3448-)മത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത് .

81 -(3) കേരള സംസ്ഥന വെയർഹൌസിംഗ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലെ നിലവിലുള്ള ശമ്പള സ്കെയിലുകളും ആയത് പരിഷ്കരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള സ്കെയിലുകളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | GO(Ms) No. 11/91/AD Dt. 19.3.1991 പ്രകാരം അംഗീകരിച്ച Staff strength | നിലവിലെ ജീവനക്കാരുടെ എണ്ണം (1/9/2017 പ്രാബല്യത്തിൽ) | നിലവിലുള്ള ശമ്പള സ്കെയിൽ (GO(Ms)No 29/09/AD;dt.5.2.09) | 9-ാം ശമ്പളപരിഷ്കരണ പ്രകാരമുള്ള പരിഷ്കരിച്ച സ്കെയിൽ | 10-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള പരിഷ്കരിച്ച സ്കെയിൽ |
|---|---|---|---|---|---|---|
| 1 | ജനറൽ മാനേജർ | 1 | 0 | 23200-550-25400-600-26600-650-31150 | 40640-1000-48640-1100-57440 | 77400-1800-81000-2000-97000-2200-108000-2400-115200 |
| 2 | മാനേജർ | 9 | 2 | 16650-450-20700-500-23200 | 29180-680-29860-750-32860-820-36140-900-40640-1000-43640 | 55350-1350-59400-1500-65400-1650-72000-1800-81000-2000-97000-2200-101400 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | 16650-450-20700-500-23200 | 29180-680-29860-750-32860-820-36140-900-40640-1000-43640 | 55350-1350-59400-1500-65400-1650-72000-1800-81000-2000-97000-2200-101400 |
| 4 | ജോയിന്റ് മാനേജർ/റീജിയണൽ മാനേജർ | 15 | 0 | 13610-380-16650-450-20700 | 24040-620-27140-680-29860-750-32860-820-36140-900-38840 | 45800-1200-48000-1200-54000-1350-59400-1500-65400-1650-72000-1800-81000-2000-89000 |
| 5 | ഡെപ്യൂട്ടി മാനേജർ /ഡെപ്യൂട്ടി മാനേജർ (അക്കൗണ്ട്സ്) | 8 | 7 | 12250-340-13610-380-16650-450-19800 | 21240-560-24040-620-27140-680-29860-750-32860-820-36140-900-37040 | 40500-1000-42500-1200-48000-1200-54000-1350-59400-1500-654000-1650-72000-1800-81000-2000-85000 |
| 6 | സീനിയർ അസിസ്റ്റന്റ് മാനേജർ | 46 | 33 | 10790-280-11910-340-13610-380-16650-450-18000 | 18740-500-21240-560-24040-620-27140-680-29860-750-32860-820-33680 | 35700-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-75600 |